LIBRARY ARCHIVES Kerala Legislative Assembly

വീട് മെയിന്റനൻസിന് നൽകുന്ന തുക

214 (5017) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിവിഭാഗക്കാർക്ക് നൽകിയ വീടുകളിൽ ഭാഗികമായി നിർമ്മിച്ച വീടുകളുടെ പണി പൂർത്തീകരിക്കുന്നതിന് എത്ര രൂപ വീതമാണ് നല്കുക ; ഇപ്പോൾ നൽകുന്ന തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) വീട് മെയിന്റനൻസിനുനൽകിവരുന്ന തുക അപര്യാപ്തമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവനനിർമ്മാണ ധനസഹായ തുക നിലവിൽ 3 ലക്ഷം രൂപയാണ്.

2007-08 മുതൽ 2013-14 വരെ വകുപ്പിൽനിന്നും ഭവനനിർമ്മാണ ധനസഹായം അനുവദിച്ച ഗുണഭോക്താക്കളിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്തവർക്ക് അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി നൽകിവരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവനനിർമ്മാണ ധനസഹായ തുക 2014 ഒക്ടോബറിലാണ് 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചത്. ഈ തുകയിൽ വർദ്ധനവ് വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഭവനപുനരുദ്ധാരണ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 2 ഗഡുക്കളായി 50,000 രൂപ നൽകിവരുന്നു. ഭവനപുനരുദ്ധാരണ ധനസഹായതുക വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം

215 (5018) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :